

PHOTO: BABU KAMBRATH

കൈപ്പാട് ദ ബാക്ക് വാട്ടർ എന്ന ഡോക്യുമെന്ററിയിൽ നിന്ന്

# കൈപ്പാട് ദേശീയ പരിസ്ഥിതി ഫിലിം ഫെസ്റ്റിവലിലേക്ക്

കണ്ണൂർ: ഡിസമ്പർ 6മുതൽ 10 വരെ ഡൽഹിയിൽ നടക്കുന്ന സി എം എസ് വാതാവരൺ പരിസ്ഥിതി, വന്യജീവി ഫിലിം ഫെസ്റ്റിവലിലേക്ക് കണ്ണൂരിലെ ബാബു കാമ്പ്രത്ത് നിർമ്മാണവും സംവിധാനവും നിർവ്വഹിച്ച കൈപ്പാട് ദ ബാക്ക് വാട്ടർ പാഡി ആൻഡ് ഫിഷ്ഫീൽഡ് തെരഞ്ഞെടുക്കപ്പെട്ടു. ഉത്തര കേരളത്തിലെ കൈപ്പാട് നിലങ്ങളിലെ മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധവും പരിസ്ഥിതി സംരക്ഷണവുമൊക്കെ വ്യക്തമാക്കുന്ന ഈ ഡോക്യുമെന്ററി പാരമ്പര്യമായ നാട്ടറിവുകളെയാണ് തുറന്നുകാട്ടുന്നത്. പരിസ്ഥിതി പ്രവർത്തകനും വന്യജീവി ഫോട്ടോഗ്രാഫറുമായ ബാബു കാമ്പ്രത്തിന്റെ ആദ്യ ചിത്രം 'കാനം' നിരവധി ദേശീയ-അന്തർദേശീയ ഫിലിം ഫെസ്റ്റിവലുകളിൽ പുരസ്കാരം നേടിയിരുന്നു.



ബാബു കാമ്പ്രത്ത്